കേരളസർവകലാശാല

നം.പി.ആർ.43/2021

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബി. എഡ് പ്രവേശനം – 2020
## ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക് ബസേലിയസ് മാർത്തോമാ മാത്യൂസ് II ട്രെയിനിങ് കോളേജിൽ സ്പോട്ട് അലോട്ട്മെന്റ് – ഫെബ്രുവരി 20 – ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ബസേലിയസ് മാർത്തോമാ മാത്യൂസ് II ട്രെയിനിങ് കോളേജിൽ ഒന്നാം വർഷ ബി.എഡ്. കോഴ്സിലേക്ക് അധികമായി അനുവദിച്ച 25 സീറ്റുകളിലേക്ക് ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 20 – ന് കോളേജ് തലത്തിൽ നടത്തുന്നു.

ബി.എഡ്. ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ്, സോഷ്യൽസയൻസ്, നാച്ചുറൽസയൻസ്, ഫിസിക്കൽസയൻസ് എന്നീ വിഷയങ്ങൾക്കാണ് സ്പോട്ട്അലോട്ട്മെന്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും അഡ്മിഷൻ ഫീസും (SC/ST – Rs. 230/- മറ്റുള്ളവർക്ക് – Rs. 1130/-) നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in)പ്രസിദ്ധീകരിക്കുന്നതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിദ്യാർത്ഥികൾ 10 മണിക്ക് തന്നെ കോളേജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 ഡിസംബർ 18 ന് നടത്തിയ എം.ഡി. കമ്മ്യൂണിറ്റി മെഡിസിൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷരജിസ്ട്രേഷൻ

കേരളസർവകലാശാല ഏപ്രിലിൽ നടത്തുന്ന പാർട്ട് മൂന്ന് അവസാന വർഷ ബി.കോം ആന്വൽ സ്കീമിന്റേയും (പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി) അഡീഷണൽ ഇലക്ടീവ് കോപ്പറേഷന്റേയും പരീക്ഷയ്ക്ക് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാനുള്ള തീയതി നീട്ടിയിരിക്കുന്നു. പിഴകൂടാതെ മാർച്ച് 5 വരെയും 150 രൂപ പിഴയോടെ മാർച്ച് 10 വരെയും 400 രൂപ പിഴയോടെ മാർച്ച് 12 വരേയും ഓൺലൈനായും ഓഫ്ലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കാനുള്ള തീയതി പിന്നീട് അറിയിക്കുന്നതാണ്.

.

സെക്ഷൻ ഓഫീസർ
പബ്ലിക് റിലേഷൻസ് വിഭാഗം

**തിരുവനന്തപുരം.**
19.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** website: **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**